# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 738 — 07.02.2013-ൽ മറുപടിയ്ക്ക്

## സർക്കാർ നിയന്ത്രിത മരുന്നു വില്പനശാലകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) സർക്കാർ നിയന്ത്രിത മരുന്ന് വില്പന ശാലകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഇവയുടെ സേവനം എത്രത്തോളം ജനങ്ങൾക്ക് ആശ്വാസകരമാണ്; വിശദാംശങ്ങൾ നല്കമോ ; | (എ) സർക്കാർ നിയന്ത്രിത മെഡിക്കൽ സ്റ്റോർ (നീതി, മാവേലി, കാരുണ്യ) ഇവ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരിശോധിക്കാറുണ്ട്. ക്രമക്കേടുകൾ കണ്ടെത്തിയാൽ നടപടികളും എടുക്കാറുണ്ട്. ഈ സ്ഥാപനങ്ങൾ മരുന്നിന് വില കുറച്ച് നല്കുന്നുണ്ട് . ഇത് ജനങ്ങൾക്ക് ആശ്വാസകരമാണ്. |
| (ബി) പ്രസ്തുത മെഡിക്കൽ ഷോപ്പുകളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്താൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (ബി) മരുന്നുകൾ ഏതൊക്കെ വാങ്ങണം വിൽക്കണം എന്ന് തീരുമാനിക്കുന്നത് അതാത് മെഡിക്കൽ ഷോപ്പുകളാണ്. ഏതെങ്കിലും പ്രത്യേക മരുന്നുകൾ ലഭിക്കുന്നില്ല എന്ന് പരാതി ലഭിച്ചാൽ ഉടനെ തന്നെ ആയതിനെപ്പറ്റി അന്വേഷിച്ച് പ്രസ്തുത മരുന്നുകൾ മനപ്പൂർവ്വം വിൽക്കുന്നില്ലാ എന്ന് കണ്ടാൽ പ്രോസിക്യൂഷൻ അടക്കമുള്ള നടപടികൾ എടുത്ത് മരുന്നിന്റെ ലഭ്യത ഉറപ്പ് വരുത്താറുണ്ട്. |
| (സി) സ്വകാര്യ മരുന്ന് വില്പന ശാലകൾ ലാഭേച്ഛ മാത്രം മുൻനിർത്തി ഗർഭഛിദ്രത്തിനടക്കമുള്ള മരുന്നുകൾ ഒരു മാനദണ്ഡവുമില്ലാതെ യഥേഷ്ടം വില്പന നടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ; | (സി) കൊല്ലത്തും, കോഴിക്കോടും ഇത് സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കായി അതാത് ഡ്രഗ്സ് ഇൻസ്പെക്ടർമാരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളം ഒട്ടാകെ ഇക്കാര്യത്തെപ്പറ്റി ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ ശ്രദ്ധയിൽ കൊണ്ട്വരികയും നടപടികൾ എടുക്കുന്നതിനായി നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) സമൂഹത്തിന് നാശം വിതക്കുന്ന മരുന്നു വില്പന ശാലകളുടെ ഇപ്രകാരമുള്ള അനാരോഗ്യ പ്രവണതകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ? | (ഡി) കർശനമായ നടപടികൾ എടുത്ത് വരുന്നു. |

സെക്ഷൻ ഓഫീസർ